**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1971** **29-07-2021 - ൽ മറുപടിയ്ക്ക്**

**സെക്ഷനുകളിൽ മതിയായ അളവിൽ വൈദ്യുതി ലഭ്യമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ പുളിക്കൽ, കാരാട്, മുണ്ടക്കുളം, കൊണ്ടോട്ടി വൈദ്യുതി സെക്ഷനുകളിലായി കഴിഞ്ഞ ഒരു വർഷത്തിനിടെ ഗാർഹികം, വ്യവസായികം, വാണിജ്യം, കൃഷി എന്നീ ആവശ്യങ്ങൾക്കായി പ്രതിമാസം ശരാശരി എത്ര കെ.വി.എ. ലോഡ് കെ.എസ്.ഇ.ബി.യുടെ നെറ്റ് വർക്കിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെടുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ പുളിക്കൽ, കാരാട്, മുണ്ടക്കുളം, കൊണ്ടോട്ടി എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലായി കഴിഞ്ഞ ഒരു വർഷത്തിനിടെ ഗാർഹികം, വ്യവസായം, വാണിജ്യം, കൃഷി എന്നീ ആവശ്യങ്ങൾക്കായി പ്രതിമാസം ശരാശരി കൂട്ടി ചേർക്കപ്പെടുന്ന ലോഡ് അനുബന്ധമായി 1 ആയി ചേർ ത്തിരിക്കുന്നു. |
| (ബി) | വേനൽ കാലങ്ങളിൽ വൈദ്യുതി ഉപയോഗം കൂടിയ സന്ദർഭങ്ങളിൽ പ്രസ്തുത സെക്ഷനുകളിൽ ഉള്ള ഭൂരിഭാഗം 11 കെ.വി. ഫീഡറുകളും ഓവർ ലോഡ് ആയി ട്രിപ്പാകുകയും ലോഡ് കുറയ്ക്കാതെ ഫീഡർ ചാർജ്ജ് ചെയ്യാൻ പറ്റാത്ത അവസ്ഥ വരികയും ചെയ്തിട്ടുണ്ടോ; | (ബി) | മലപ്പുറം ജില്ലയിലെ പുളിക്കൽ, കാരാട്, മുണ്ടക്കുളം, കൊണ്ടോട്ടി സെക്ഷനുകളിലെ 11 കെ.വി ഫീഡിംഗ് , 110 കെ.വി ചേളാരി സബ്സ്റ്റേഷനിലെ അയിക്കരപ്പടി, പുത്തൂർ കൂടാതെ കിഴിശ്ശേരി 110 കെ.വി സബ്സ്റ്റേഷനിൽ നിന്നുള്ള കൊണ്ടോട്ടി, കരിപ്പൂർ, പുളിക്കൽ, എ.ആർ.നഗർ, ഒമാനൂർ, കമ്മിനി പറമ്പ്, ഇടപ്പറമ്പ്, ഇന്റർനാഷണൽ എയർപോർട്ട് എന്നീ 11 കെ.വി ഫീഡറുകളിൽ നിന്നും ആണ്. കീഴിശ്ശേരി 110 കെ വി സബ് സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിച്ചതിനു ശേഷം പ്രസ്തുത ഫീഡറുകളിൽ വേനൽകാലങ്ങളിൽ ഓവർലോഡായി ഫീഡർ ചാർജ്ജ് ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടാകാറില്ല. എന്നാൽ എതെങ്കിലും ഫീഡറുകൾ അറ്റകുറ്റ പണികൾ നിമിത്തം ചാർജ്ജ് ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ മറ്റ് ഫീഡറുകളിൽ പരിധിയിൽ കൂടുതൽ ലോഡ് കണക്റ്റ് ചെയ്താൽ ഫീഡറുകൾ ഓവർലോഡ് ആകാനുള്ള സാദ്ധ്യതയുണ്ട്.. |
| (സി) | പ്രസ്തുത സെക്ഷനുകളിൽ നിന്നും പ്രതിമാസം ബോർഡിന് ശരാശരി എത്ര രൂപ വരുമാനം ലഭിക്കുന്നു എന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത സെക്ഷനുകളുടെ പ്രതിമാസ ശരാശരി വരുമാനം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ബോർഡിന് ലാഭകരമായ വരുമാനം നൽകുന്ന | (ഡി) | മലപ്പുറം ജില്ലയിലെ പുളിക്കൽ, കാരാട്, മുണ്ടക്കുളം, |

| | | | |
|---|---|---|---|
| | പ്രസ്തുത സെക്ഷനുകളിൽ മതിയായ അളവിൽ വൈദ്യുതി ലഭിക്കുന്നതിന് ശാശ്വത പരിഹാരം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | | കൊണ്ടോട്ടി എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽവരുന്ന പ്രദേശങ്ങളിൽ മതിയായ അളവിൽ വൈദ്യുതി ലഭിക്കുന്നതിനായി പുളിക്കൽ ഭാഗത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ മലപ്പുറം ട്രാൻസ്മിഷൻ സർക്കിളിന് കീഴിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം-1</u>**

| പ്രതിമാസ ലോഡ് (കെ .വി. എ) | | | | | |
|---|---|---|---|---|---|
| | കൊണ്ടോട്ടി | പുളിക്കൽ | മുണ്ടക്കുളം | കാരാട് | ആകെ (കെവി.എ) |
| ഗാർഹികം | 137.27 | 91.90 | 54.63 | 68.55 | 352.35 |
| വ്യവസായികം | 45.47 | 47.99 | 18.89 | 25.07 | 137.42 |
| വാണിജ്യം | 8.98 | 7.95 | 0.74 | 3.52 | 21.19 |
| കൃഷി | 2.76 | 2.65 | 2.96 | 2.06 | 10.43 |
| | | | | **ആകെ** | **521.39** |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം-2</u>**

| സെക്ഷന്റെ പേര് | വരുമാനം (രൂപ) |
| --- | --- |
| പുളിക്കൽ | 79,51,404.30 |
| കാരാട് | 43,46,744.30 |
| മുണ്ടക്കുളം | 40,68,598 |
| കൊണ്ടോട്ടി | 1,22,20,273.30 |

സെക്ഷൻ ഓഫീസർ